**മത്തായി 28, 16-20 നിങ്ങളുടേതല്ലാതെ എനിക്ക് വേറെ കൈകളില്ല.**

രാം ലോകമഹായുദ്ധം അവസാനിക്കാറായ സമയത്ത് യുദ്ധംകൊ് തകർന്ന് തരിപ്പണായ ഒരു ഗ്രാമത്തിലേക്ക് അമേരിക്കൻ സൈന്യം കടന്നുചെന്നു. അവിടുത്തെ തകർന്ന ദേവാലയത്തിലേക്ക് അവർ കയറി. പീഠത്തിൽനിന്ന് താഴെ വീണ് കിടന്ന ക്രിസ്തുവിന്റെ രൂപം അവരിലൊരാൾ തിരികെ പ്രതിഷ്ഠിച്ചു. അവസാനം അതിന്റെ കൈകൾ മാത്രം കത്തുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. ആ രൂപത്തിന്റെ അടിയിൽ വിശ്വാസിയായ ആ പട്ടാളക്കാരൻ ഇപ്രകാരം കുറിച്ചു വച്ചു... നിങ്ങളുടേതല്ലാതെ എനിക്ക് വേറെ കൈകളില്ല. മോക്ഷത്തിന്റെ സന്ദേശവുമായെത്തിയ അവതാരപുരുഷനായിരുന്നു ക്രിസ്തു. അവൻ വിഭാവനം ചെയ്ത ആ മോക്ഷത്തിലേക്ക് അനേകരെ ആനയിക്കുവാൻ ഇനി ക്രിസ്തുവിന് വേത് നമ്മുടെ കൈകളും , കാലുകളും, ബുദ്ധിയും, കഴിവും, ഹൃദയവുമൊക്കെയാണ്. പ്രേഷിത പ്രവൃത്തനം എന്ന് പറയുന്നത് ക്രിസ്തു എന്നിലൂടെയും, നിങ്ങളിലൂടെയും പ്രവൃത്തിക്കുന്നതാണ്. അവന് പ്രവൃത്തിക്കാൻ നമ്മുടേതല്ലാതെ വേറെ കൈകളില്ല....കാലുകളില്ല...മറ്റൊന്നുമവനില്ല. നീ മാത്രമെ ഇനി അവനുവേി പ്രവൃത്തിക്കുവാൻ ഈ ഭൂമിയിൽ അവശേഷിക്കുന്നുള്ളൂ.

നീ നിനക്ക്വേി ജീവിക്കുമ്പോൾ നിനക്ക്വേി മരിച്ച ക്രിസ്തുവിനെ നീ ഓർക്കണം. അവൻ നിനക്കുവേി ഏറ്റെടുത്ത സഹനങ്ങളെയും, വേദനകളെയും, മുറിവുകളെയും നീ ഓർക്കണം. ഇതിൽ കൂടുതലൊന്നും ദൈവത്തിന് നിനക്ക് വേി പ്രവൃത്തിക്കുവാൻ സാധിക്കില്ല. അങ്ങനെയെങ്കിൽ നിനക്കുവേി ജീവിക്കുവാൻ നിക്കെന്തധികാരം. അതിനാൽ നീ മറ്റുള്ളവർക്കുവേി ജീവിക്കേവനാണ്. അപരനുവേി ജീവിക്കുന്നവനാണ് യഥാർത്ഥ പ്രേഷിതൻ.

സകല ജനപതങ്ങളെയും ശിഷ്യപ്പെടുത്തുവാനുള്ള ദിവ്യഗുരുവിന്റെ ആഹ്വാനം നെഞ്ചിലേറ്റി സ്വയം ക്രിസ്തുവിന്റെ പ്രേഷിതരാകുവാനും ക്രിസ്തുവിനുവേി പ്രേഷിതരായവരെ ഓർമ്മിക്കുവാനും അവർക്കുവേി പ്രാർത്ഥിക്കുവാനും സഭ നൽകുന്ന ദിവസമണ് മിഷൻ ഞായർ. ഈശോ നമ്മെ ഏൽപ്പിച്ച മഹത്തായ നിയോഗമാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ കാതൽ. ഈ മഹത്തായ നിയോഗം ക്രിസ്തുവിന്റെ പ്രേഷിത പ്രവർത്തനത്തിന്റെ തുടർച്ചയാണ്. അതുകൊ് ക്രിസ്തുവിനെപ്പോലെ ചിന്തിക്കുവാനും പ്രവൃത്തിക്കുവാനും നമ്മുക്കാവണം.

വിവരവും വിദ്ധ്യാഭ്യാസവുമില്ലാത്ത അപ്പസ്തോൽമാരെ ഉപയോഗിച്ച് ക്രിസ്തു സഭക്ക് അടിത്തറയിട്ടു. ഇവരുടെ പ്രേഷിത പ്രവൃത്തനം ലോകത്തിന്റെ അതിർത്തികൾവരെയെത്തി. നമ്മുടെയീ കൊച്ചുകേരളത്തിലുമെത്തി. ഈ പ്രേഷിത തീക്ഷ്ണത ഇന്ന് നമ്മുക്ക് കൈമോശം വന്നുപോയിരിക്കുന്നു. ലോകത്തിൽ മുഴുവൻ പ്രേഷിത പ്രവൃത്തനം നടത്താൻ സാധിച്ചില്ലെങ്കിലും നാം ആയിരിക്കുന്ന ചുറ്റുപാടിൽ ക്രിസ്തുവിനെ പ്രഘോഷിക്കാൻ നമ്മുക്കാവുന്നുോ എന്നത് നാം നമ്മോട് തന്നെ ചോദിക്കേ ചോദ്യമാണ്. നിന്റെ ചുറ്റുപാടിൽ നീനക്ക് എങ്ങനെ ഒരു പ്രേഷിതനാകാം.....മക്കൾക്ക് നല്ല മാതൃക നൽകുന്ന മാതാപിതാക്കളാകുമ്പോൾ...വിശ്വാസത്തിന് വേി നീ സഹനങ്ങൾ ഏൽക്കേിവരുമ്പോൾ....മറ്റുള്ളവർക്ക് നീ നന്മചെയ്യുമ്പോൾ...എല്ലാവരെയും സ്നേഹിക്കുകയും അവർക്കുവേി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ,.... ഇപ്രകാരം പ്രേഷിതരാകുവാനുള്ള എത്രയോ അവസരങ്ങൾ നിന്റെ മുന്നിലു്... ഇവിടെയെവിടെയെങ്കിലും ക്രിസ്തുവിനെ സ്മരിക്കാൻ നിനക്കായാൽ നീ ഒരു പ്രേഷിതനാകും.. തീർച്ച... ക്രിസ്തു നിന്നെ സ്വന്തം ജീവിതം ബലിനൽകി സ്നേഹിച്ച് വീടുത്തെങ്കിൽ.. അവനുവേി നിന്റെ ആയുസ്സിൽ ഒരുതുള്ളി രക്തമെങ്കിലും ചിന്താൻ നിനക്കായാൽ അവൻ നിന്നെയോർത്ത് സന്തോഷിക്കും... അതുകൊ് പ്രേഷിതരാകാനുള്ള ക്രിസ്തുവിന്റെ വിളി തിരിച്ചറിയുന്നവരായി നമ്മുക്ക് മാറാം....

**ഫാ. ജോസഫ് കോയിക്കൽ**